"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ്- കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡിന്, അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുറക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ. (സാധാ) നം.10010/2018/ധന.** തിരുവനന്തപുരം, തീയതി **06/12/2018**

---

പരാമർശം:- 1. 01.06.2018 ലെ സ ഉ (സാധാ) നം 660/2018/ തൊഴിൽ

2. ലേബർ കമ്മീഷണറുടെ 14/09/2018 തീയതിയിലെ ഡബ്ല്യൂ(1)13139/18 നമ്പർ കത്ത്.

3. ഭരണ വകുപ്പ് ഫയൽ നം.LBRD-B1/160/2018-LBRD Computer No.938105

**ഉത്തരവ്**

കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ ലയിപ്പിക്കപ്പെട്ട 6 പദ്ധതികളിലെയും തുടർന്നുള്ള പെൻഷൻ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡ് മുഖേന വിതരണം ചെയ്യുന്നതിന് പരാമർശം 1 ലെ ഉത്തരവ് പ്രകാരം അനുമതി നൽകിയിരിക്കുന്ന സാഹചര്യത്തിൽ, ബോർഡിലെ തുടർന്നുള്ള പെൻഷൻ വിതരണം സുഗമമായി നടത്തുന്നതിനായി STSB അകൗണ്ട് ആരംഭിക്കുന്നതിനു ലേബർ കമ്മീഷണർ പരാമർശം 2 ലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ ആവശ്യത്തിലേയ്ക്കായി, കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡിന്, അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുറക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സുരേഷ് കുമാർ ഒ.ബി.**
**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ലേബർ കമ്മീഷണർ, ലേബർ കമ്മീഷണറുടെ കാര്യാലയം, തൊഴിൽ ഭവൻ, വികാസ് ഭവൻ പി.ഒ. തിരുവനന്തപുരം.
തൊഴിൽ(ബി) വകുപ്പ് (e-file No: LBRD-B1/160/2018-LBRD Computer No.938105 പ്രകാരം)
ധനകാര്യ (ലേബർ) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ